**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1108** **29-08-2022 - ൽ മറുപടിയ്ക്ക്**

**വാമനപുരത്തെ ജല ഗുണനിലവാര പരിശോധനാ കേന്ദ്രങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | വാമനപുരം മണ്ഡലത്തിൽ ജല ഗുണനിലവാര പരിശോധനയ്ക്കായി അംഗീകൃത കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ; | (എ) | വാമനപുരം മണ്ഡലത്തിൽ ജല ഗുണ നിലവാര പരിശോധനയ്ക്കായി അംഗീകൃത കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടില്ല. നിലവിൽ തിരുവനന്തപുരം ജില്ലയിൽ 8 ക്വാളിറ്റി കൺട്രോൾ ലാബുകൾ( NABL accredited labs) പ്രവർത്തിച്ചു വരുന്നു. അതിൽ 1 ജില്ലാ ലാബ്, 7 ഉപജില്ലാ ലാബ് എന്ന കണക്കിലാണ് പ്രവർത്തനം. തിരുവനന്തപുരം നഗരം കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന 1 ജില്ലാ ലാബ് കൂടാതെ അരുവിക്കരയിലെ 2 ട്രീറ്റ്മെന്റ് പ്ലാന്റ് ലാബ്, 5 ബ്ലോക്ക് അടിസ്ഥാനത്തിലുള്ള ലാബുകൾ എന്നിങ്ങനെയാണ് ഇവയുടെ വിഭജനം. ഇവയിൽ ബ്ലോക്കടിസ്ഥാനത്തിൽ നിലവിൽ പ്രവർത്തിക്കുന്ന നേമം(ഒബ്സർവേറ്ററി ഹിൽസ്), അതിയന്നൂർ (ആഴാകുളം), ആറ്റിങ്ങൽ (ചിറയിൻകീഴ്), വർക്കല, നെടുമങ്ങാട് (അരുവിക്കര) എന്നിവയിൽ ആറ്റിങ്ങൽ, വർക്കല, നെടുമങ്ങാട് ബ്ലോക്കുകളിൽ സ്ഥാപിക്കപ്പെട്ട ലാബുകളുടെ സേവനം വാമനപുരം മണ്ഡലത്തിലേയ്ക്കായുള്ള ആവശ്യത്തിനായി നിലവിൽ ഉപയോഗിക്കാവുന്നതാണ്. |
| (ബി) | പ്രസ്തുത മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളിൽ അതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ; | (ബി) | ഹരിതകേരള മിഷന്റെ ഭാഗമായി വാമനപുരം മണ്ഡലത്തിൽ ജലത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് വേണ്ടിയുള്ള പ്രാഥമിക പരിശോധന ലാബുകൾ എം.എൽ.എ യുടെ പ്രത്യേക വികസന ഫണ്ട് ഉപയോഗപ്പെടുത്തി പത്ത് ഹയർ സെക്കണ്ടറി സ്കൂളുകളിൽ കെ.ഐ.ഐ.ഡി.സി നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയ്ക്കായി തിരുവനന്തപുരം ജില്ലാകളക്ടറുടെ ഉത്തരവ് നമ്പർ D6/1984/2020 തീയതി 14.08.2020 പ്രകാരം 15,00,000/- രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. പ്രസ്തുത സ്കൂളുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1.ഗവ.മോഡൽ എച്ച്.എസ്സ്.എസ്സ് വെഞ്ഞാറമൂട് |

| | | | |
|---|---|---|---|
| | | | 2. വി&എച്ച്.എസ്സ്.എസ്സ്, മുളമന<br><br>3. ഗവണ്മെന്റ് വി.എച്ച്.എസ്സ്.എസ്സ്, കല്ലറ<br><br>4. ഗവ. ഗേൾസ് എച്ച്.എസ്സ്.എസ്സ്.മിതൃമല.<br><br>5. ഗവ.എച്ച്.എസ്സ്.എസ്സ്.ഭരതന്നൂർ<br><br>6. ഇക്ബാൽ എച്ച്.എസ്സ്.എസ്സ്, പെരിങ്ങമ്മല<br><br>7. എസ്.കെ.വി എച്ച്.എസ്സ്.എസ്സ് നന്ദിയോട്<br><br>8.പി.എച്ച്.എം.കെ.എം.വി.എച്ച്.എസ്സ്.എസ്സ്. പനവൂർ<br><br>9. എസ്.എൻ.വി.എച്ച്.എസ്സ്.എസ്സ്.ആനാട്<br><br>10.ജനത എച്ച്.എസ്സ്.എസ്സ് തേമ്പാമൂട് |
| (സി) | പുതുതായി ജല ഗുണനിലവാര പരിശോധനാ കേന്ദ്രങ്ങൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (സി) | പുതുതായി ജല ഗുണനിലവാര പരിശോധനാ കേന്ദ്രങ്ങൾ സ്ഥാപിക്കാനായി നിലവിൽ നിർദ്ദേശങ്ങൾ ഇല്ല. |

സെക്ഷൻ ഓഫീസർ